**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 529** **05-10-2021 - ൽ മറുപടിയ്ക്ക്**

**പെട്രോളിയം ഉൽപന്നങ്ങളിൽ നിന്നും സംസ്ഥാനത്തിന് ലഭിക്കുന്ന നികുതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ് | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | പെട്രോൾ, ഡീസൽ, പാചകവാതകം എന്നിവയിൽ നിന്ന് സംസ്ഥാനത്തിന് ലഭിക്കുന്ന നികുതി വിഹിതം എത്ര ശതമാനമാണെന്ന് വ്യക്തമാക്കുമോ; | (എ) | പെട്രോളിന് ലിറ്ററിന് 30.08% വില്പന നികുതി, ഒരു രൂപ അധിക വില്പന നികുതി, വില്പന നികുതിയുടെയും അധിക വില്പന നികുതിയുടെയും ഒരു ശതമാനം സെസ്സ് എന്നിവയും ഡീസലിന് ലിറ്ററിന് 22.76% വില്പന നികുതി, ഒരു രൂപ അധിക വില്പന നികുതി, വില്പന നികുതിയുടെയും അധിക വില്പന നികുതിയുടെയും ഒരു ശതമാനം സെസ്സ് എന്നിവയും, വാണിജ്യ ആവശ്യത്തിനുള്ള പാചകവാതകത്തിന് സംസ്ഥാന ചരക്കു സേവന നികുതി 9%-വും ഗാർഹികാവശ്യത്തിനുള്ള പാചക വാതകത്തിന് സംസ്ഥാന ചരക്കു സേവന നികുതി 2.5%-ഉം എന്നിങ്ങനെയാണ് സംസ്ഥാനത്തിന് ലഭിക്കുന്ന നികുതി നിരക്ക്. |
| (ബി) | ഇന്ധനവില വർദ്ധനവ് ജനങ്ങളെ സാരമായി ബാധിച്ചിട്ടുള്ള കാര്യം പരിശോധിച്ചിട്ടുണ്ടോ; | (ബി) | പെട്രോളിന്റെയും ഡീസലിന്റെയും സംസ്ഥാന വില്പന നികുതി 2016-ൽ എൽ.ഡി.എഫ് സർക്കാർ അധികാരത്തിൽ വരുമ്പോൾ യഥാക്രമം 31.80 ശതമാനവും 24.52 ശതമാനവും ആയിരുന്നു. 2016-ൽ എൽ.ഡി.എഫ് സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2018-ൽ പെട്രോളിന്റെയും ഡീസലിന്റെയും സംസ്ഥാന വില്പന നികുതി യഥാക്രമം 30.08 ശതമാനവും 22.76 ശതമാനവും ആയി കുറച്ചിട്ടുണ്ട്. എൽ.ഡി.എഫ് സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ പെട്രോൾ, ഡീസൽ നികുതി വർദ്ധിപ്പിച്ചിട്ടില്ല. 2014-ൽ കേന്ദ്ര സർക്കാർ അധികാരത്തിലേറിയ സമയത്ത് ഒരോ ലിറ്റർ പെട്രോളിന്മേലും ഡീസലിന്മേലും ചുമത്തിയിരുന്ന കേന്ദ്ര നികുതികൾ യഥാക്രമം 9.476 രൂപ/ലിറ്റർ, 3.564 രൂപ/ലിറ്റർ എന്നിങ്ങനെ ആയിരുന്നത് യഥാക്രമം 32.9 രൂപ/ലിറ്റർ, 31.8 രൂപ/ലിറ്റർ എന്നിങ്ങനെ ആയി വർദ്ധിപ്പിച്ചു. തൽഫലമായി ഉണ്ടായ ഇന്ധനവില വർദ്ധനവ് ജനങ്ങളെ സാരമായി ബാധിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | 2016-17 മുതൽ 2020-21 വരെ ഇന്ധന വിലയിലൂടെ സംസ്ഥാനത്തിന് ലഭിച്ച നികുതി വിഹിതം എത്ര കോടി രൂപയാണെന്നറിയിക്കാമോ; | (സി) | 2016 മുതൽ നാളിതുവരെ പെട്രോളിയം ഉൽപ്പന്നങ്ങളുടെ നികുതി ഇനത്തിൽ സംസ്ഥാന സർക്കാരിന് ലഭിച്ച വരുമാനം അനുബന്ധമായി ചേർക്കുന്നു. |
| (ഡി) | ഈ സാമ്പത്തിക വർഷം പ്രസ്തുത ഇനത്തിൽ എത്ര തുക സംസ്ഥാന ഖജനാവിന് ലഭിച്ചുവെന്ന് വ്യക്തമാക്കുമോ? | (ഡി) | ഈ സാമ്പത്തിക വർഷം പ്രസ്തുത ഇനത്തിൽ 2021 സെപ്റ്റംബർ വരെ 3323.91 കോടി രൂപ ലഭിച്ചു. |

സെക്ഷൻ ഓഫീസർ

<u>**അനുബന്ധം**</u>

| **വർഷം** | **നികുതി വരുമാനം** |
|---|---|
| 2016-17 | 6875.99 കോടി രൂപ |
| 2017-18 | 7442.88 കോടി രൂപ |
| 2018-19 | 8000.49 കോടി രൂപ |
| 2019-20 | 7906.61 കോടി രൂപ |
| 2020-21 | 7120.65 കോടി രൂപ |

**സെക്ഷൻ ഓഫീസർ**